ബൈബിൾ - ഖുർആൻ: ഒരു താരതമ്യപഠനം-7

# കുരിശു സംഭവം

● ഇ.സി സൈമൺ മാസ്റ്റർ

**മുൻ** വേദങ്ങളിൽ കടന്നുകൂടിയിട്ടുള്ള തെറ്റുകൾ തിരുത്തി സത്യം ഗ്രഹിക്കാൻ സഹായിക്കുകയാണ് ഖുർആൻ അവതരണത്തിന്റെ ഒരു പ്രധാന ലക്ഷ്യം. യേശു കുരിശിൽ മരിച്ചു എന്നാണ് ബൈബിളിലെ വ്യക്തമായ പ്രസ്താവന. നാലു സുവിശേഷങ്ങളും വിവരിക്കുന്നുണ്ട് കുരിശുമരണം. യേശുവിന്റെ മരണത്തെ സംബന്ധിച്ച ബൈബിൾ വിവരണങ്ങൾ ആ ഗ്രന്ഥത്തിനുതന്നെ ഒരു വലിയ തിരിച്ചടിയാകുന്നുവെന്നതാണ് വസ്തുത. നിലവിലുള്ള എല്ലാ സുവിശേഷങ്ങളിലും ആ മരണത്തെപ്പറ്റി പ്രതിപാദിച്ചിട്ടുള്ളതിനാൽ അവയൊന്നും തന്നെ യേശു എഴുതിയിട്ടുള്ളതല്ലെന്നും പിൽക്കാലത്ത് എന്നോ എഴുതപ്പെട്ടവയാണെന്നും ഉറപ്പായി വിശ്വസിക്കാം. ഇതാണ് വസ്തുതയെങ്കിൽ ഈ ഗ്രന്ഥങ്ങൾ യേശു കണ്ടിട്ടില്ല. അദ്ദേഹം അവയെപ്പറ്റി അറിഞ്ഞിട്ടുമില്ല.

സുവിശേഷ ഗ്രന്ഥങ്ങളെപ്പറ്റി യേശു അറിഞ്ഞിരുന്നില്ല എന്നത് അവഗണിക്കാവുന്ന കാര്യമല്ല. സത്യവേദമെന്നും ദൈവവചനമെന്നും വിശ്വസിക്കപ്പെടുന്ന ഈ ഗ്രന്ഥങ്ങളുടെ ഉള്ളടക്കത്തെക്കുറിച്ച് പ്രവാചകനായ യേശു അറിഞ്ഞിരുന്നില്ലെന്നും അക്കാരണത്താൽ അതിലെ പ്രസ്താവനകൾക്കും സംഭവവിവരണങ്ങൾക്കും അദ്ദേഹത്തിന് ഉത്തരവാദിത്വമില്ലെന്നും വരുന്നത് ആ ഗ്രന്ഥത്തിന്റെ ആധികാരികതക്ക് ഏൽപിക്കുന്നത് വലിയ ആഘാതമാണ്.

എന്നാൽ, ബൈബിൾ പ്രസ്താവനകളെ നിരാകരിച്ചുകൊണ്ട് ഖുർആൻ പറയുന്നു: "ദൈവദൂതനായ, മർമയിന്റെ മകൻ മസീഹ് ഈസായെ ഞങ്ങൾ കൊന്നിരിക്കുന്നുവെന്ന് വാദിച്ചതിനാൽ (അവർ ശപിക്കപ്പെട്ടിരിക്കുന്നു). സത്യത്തിലവർ അദ്ദേഹത്തെ കൊന്നിട്ടില്ല, ക്രൂശിച്ചിട്ടുമില്ല. അവർ ആശയക്കുഴപ്പത്തിലാവുകയാണുണ്ടായത്. അദ്ദേഹത്തിന്റെ കാര്യത്തിൽ മറിച്ച് അഭിപ്രായമുള്ളവരും അതേപ്പറ്റി സംശയത്തിൽതന്നെയാണ്. കേവലം ഊഹാപോഹത്തെ പിന്തുടരുന്നതല്ലാതെ അവർക്ക് അതേപ്പറ്റി ഒന്നുമറിയില്ല. അവരദ്ദേഹത്തെ കൊന്നിട്ടില്ല, ഉറപ്പ്.

എന്നാൽ അല്ലാഹു അദ്ദേഹത്തെ തന്നിലേക്ക് ഉയർത്തുകയാണുണ്ടായത്. അല്ലാഹു പ്രതാപിയും യുക്തിമാനും തന്നെ" (4:157,158).

നാലു സുവിശേഷങ്ങളും ഏകസ്വരത്തിൽ വിവരിക്കുന്ന ഒരു സംഭവത്തെയാണ് ഖുർആൻ അസന്ദിഗ്ധമായി നിഷേധിക്കുന്നത്. അസാമാന്യമായ സത്യബോധമാണ് ഈ വാക്യങ്ങളിൽ മുഴങ്ങുന്നത്. അവരദ്ദേഹത്തെ കൊല്ലുകയോ കുരിശിലേറ്റുക പോലുമോ ചെയ്തിട്ടില്ലെന്ന് ഇത്രത്തോളം ഖണ്ഡിതമായി ഖുർആൻ ഉറപ്പു പറയുകയാണെങ്കിൽ യേശുവിന്റെ അന്നത്തെയും ഇന്നത്തെയും അവസ്ഥ ഖുർആന്റെ കർത്താവായ ദൈവം പരിപൂർണമായി അറിയുന്നു എന്നാണ് അർഥം. യേശുവിന്റെ കാര്യത്തിൽ ജനം എന്നും ആശയക്കുഴപ്പത്തിലായിരിക്കുമ്പോഴാണ് എല്ലാം അറിയുന്ന അല്ലാഹുവിന്റെ പ്രഖ്യാപനം; 'അവനെ ഞാൻ എന്നിലേക്ക് ഉയർത്തിയിരിക്കുന്നു. അവൻ ഇവിടെ എന്റെ അടുത്തുണ്ട്' എന്ന് അറിയിക്കുന്ന മട്ടിൽ.

യേശുവിനെപ്പറ്റി ഖുർആൻ പിന്നെയും പറഞ്ഞു: "അല്ലാഹു പറഞ്ഞതോർക്കുക: ഈസാ, ഞാൻ നിന്നെ പൂർണമായി ഏറ്റെടുക്കും. നിന്നെ എന്നിലേക്ക് ഉയർത്തും. സത്യനിഷേധികളിൽനിന്ന് അടർത്തിയെടുത്ത് നിന്നെ നാം വിശുദ്ധനാക്കും. നിന്നെ പിൻപറ്റിയവരെ ഉയിർത്തെഴുന്നേൽപുനാൾ വരെ സത്യനിഷേധികളേക്കാൾ ഉന്നതരാക്കും. പിന്നെ നിങ്ങളുടെയൊക്കെ തിരിച്ചുവരവ് എന്റെ അടുത്തേക്കാണ്. നിങ്ങൾ ഭിന്നിച്ചിരുന്ന കാര്യങ്ങളിൽ അപ്പോൾ ഞാൻ തീർപ്പു കൽപിക്കും" (3:55).

'നിന്നെ പിൻപറ്റിയവരെ ഉയിർത്തെഴുന്നേൽപുനാൾ വരെ സത്യനിഷേധികളേക്കാൾ ഉന്നതരാക്കും' എന്ന വാഗ്ദാനം ആർക്കാണ് ബാധകമാവുക എന്നതിൽ പലർക്കും സംശയം തോന്നാം. യേശുവിനെ പിൻപറ്റുന്നവർ ക്രൈസ്തവരാണെന്ന പൊതുധാരണ നിലനിൽക്കുന്നതിനാൽ ദൈവം സത്യനിഷേധികളേക്കാൾ ഉന്നതരാക്കുന്നത് അവരെയായിരിക്കുമെന്ന് തോന്നാം. എന്നാൽ യേശുവിനെ പിൻപറ്റുന്നവർ യഥാർഥത്തിൽ ആരാണ് എന്ന സംഗതി ബൈബിളിന്റെ വെളിച്ചത്തിൽതന്നെ പരിശോധിക്കപ്പെടേണ്ടതുണ്ട്.

അബ്രഹാം, ഇസ്മായേൽ, ഇസ്ഹാഖ്, യാക്കോബ്, മോശ തുടങ്ങിയ പ്രവാചകന്മാരും മർയമും ആരാധിച്ച ഏകനായ കർത്താവായിരുന്നു യേശുവിന്റെയും ആരാധ്യനായ ദൈവം. ക്രൈസ്തവർക്കാവട്ടെ ദൈവം യേശുവായും ത്രിമൂർത്തികളായ ത്രിത്വമായും മാറി. പ്രധാന സഭാവിഭാഗങ്ങളെല്ലാം വിഗ്രഹാരാധകരും വിഗ്രഹപൂജകരുമാണ്. യേശുവിനെ സാങ്കൽപികമായി ബലിയർപ്പിച്ച് അദ്ദേഹത്തിന്റെ മാംസ രക്തങ്ങൾ ഭക്ഷിക്കുകയായി സർവപ്രധാനമായ ആരാധനാ സമ്പ്രദായം. എക്കാലത്തെയും പീഡനോപകരണവും യേശുവിനുപോലും പേടിസ്വപ്നമായി മാറിയെന്നും പറയപ്പെടുന്ന കുരിശ് മതചിഹ്നവും പ്രതീകവുമായി ഉയർന്നുപൊങ്ങി; യേശുവിന്റെ മതം പുരോഹിതന്റെ കൈയിലെ കളിപ്പാട്ടമായി.

അബ്രഹാമിന്റെ കാലം മുതൽ യേശുവിന്റെ കാലം വരെയും അതിനുശേഷം ഏറെക്കാലം വരെയും നിർബന്ധ മതകർമമായി പാലിക്കപ്പെട്ടുപോന്ന പരിഛേദനകർമം പരിഹസിച്ചു തള്ളപ്പെട്ടു. യേശുവിനും അദ്ദേഹത്തിന്റെ മതവിശ്വാസികൾക്കും നിഷിദ്ധമായിരുന്ന പന്നിമാംസം അദ്ദേഹത്തിന്റെ ശിഷ്യന്മാരെന്നവകാശപ്പെടുന്നവർക്ക് ഇഷ്ടവിഭവമായി. ക്രിസ്തുവിന് സാബത്ത് ശനിയാഴ്ചയും ക്രിസ്ത്യാനികൾക്ക് ഞായറാഴ്ചയും. ഇങ്ങനെ പ്രധാനപ്പെട്ട ഏതെങ്കിലും വിഷയത്തിൽ ക്രൈസ്തവർക്ക് മാതൃക യേശു എന്നു പറയാനാവാത്ത അവസ്ഥയാണ് ഇന്നുള്ളത്. യേശുവിനെ പിൻപറ്റുന്നവരാണ് യേശുവിന്റെ ശിഷ്യന്മാരെങ്കിൽ ഇന്നത്തെ ക്രൈസ്തവർ ആ ഗണത്തിൽ വരുന്നില്ല.

യേശുവിന്റെ അന്ത്യം സംബന്ധിച്ച് പ്രകടമായ അന്തരം പുലർത്തുന്ന ബൈബിൾ -ഖുർആൻ വിവരണങ്ങളിൽ ശരിയേതെന്ന് കണ്ടുപിടിക്കാൻ സൂക്ഷ്മമായ വിശകലനം ആവശ്യമാകുന്നു. ബൈബിൾ വിവരണങ്ങൾതന്നെയാണ് ഇക്കാര്യത്തിലെ പരമാർഥം വെളിപ്പെടുത്താൻ കൂടുതൽ ഉപകരിക്കുക.

യേശുവിന്റെ കുരിശുമരണം വിവരിക്കുന്ന നാലു സുവിശേഷകാരന്മാരിൽ ആരുംതന്നെ സംഭവത്തിന് ദൃക്സാക്ഷികളാണെന്ന് ഉറപ്പിച്ചു പറയാനാവില്ല. എ.ഡി 90-നും 170-നും ഇടയിൽ എഴുതപ്പെട്ട സുവിശേഷഗ്രന്ഥങ്ങളേ ഇന്നും നിലവിലുള്ളൂ. സുവിശേഷകാരന്മാരിൽ മത്തായിയും യോഹന്നാനും യേശുവിന്റെ ശിഷ്യന്മാരിൽ പെട്ടവരാണെന്ന് പറയപ്പെടുന്നുണ്ടെങ്കിലും അക്കാര്യത്തിൽ പണ്ഡിതന്മാർക്ക് ഏകാഭിപ്രായമില്ല. യേശുവിന്റെ കാലശേഷം ഒരു നൂറ്റാണ്ടോളം കഴിഞ്ഞ് ഗ്രീക്ക് ഭാഷയിൽ എഴുതപ്പെട്ടവയല്ലാതെ അതിനു മുമ്പുള്ള കൈയെഴുത്തു പ്രതികളൊന്നും ഇന്ന് നിലവിലില്ലാത്തതിനാൽ ഗ്രന്ഥകർത്താക്കളെക്കുറിച്ച് ഖണ്ഡിതമായ അഭിപ്രായ ഐക്യം സാധ്യമല്ലാതായിരിക്കുന്നു. മറ്റു രണ്ടു സുവിശേഷകാരന്മാരായ മാർക്കോസും ലൂക്കായും യേശുവിനെ കണ്ടിട്ടുള്ളവരോ സമകാലികരോ ആയിരുന്നില്ലെന്നതിൽ ആർക്കുമില്ല എതിരഭിപ്രായം. കുരിശുമരണം വിവരിക്കുന്നത് ദൃക്സാക്ഷികളോ സംഭവത്തെപ്പറ്റി നേരിട്ടറിയുന്നവരോ അല്ല. ലൂക്കാ അദ്ദേഹത്തിന്റെ പുസ്തകമെഴുതാൻ കാരണമെന്തായിരുന്നു എന്നും അതിലേക്കാവശ്യമായ വസ്തുതകൾ ശേഖരിച്ചതെങ്ങനെയെന്നും നാം നേരത്തേ വ്യക്തമാക്കിയിട്ടുണ്ട്.

കുരിശിൽ തറക്കപ്പെട്ടത് യേശുവിനു പകരം മറ്റൊരാളായിരിക്കാനുള്ള സാധ്യത ബൈബിളിൽതന്നെ കാണാൻ കഴിയുന്നുണ്ട്. കുരിശിൽ തറക്കാനായി പട്ടാളക്കാർ കൊണ്ടുപോകുമ്പോൾ സൈറീൻകാരനായ ശീമോൻ എന്നൊരാൾ വരുന്നത് അവർ കണ്ടു. പട്ടാളക്കാർ നിർബന്ധപൂർവം യേശുവിന്റെ കുരിശ് അയാളുടെ തോളിൽ വെച്ചുകൊടുത്തു. ഭീഷണിക്ക് വഴങ്ങി കുരിശു ചുമന്ന് ശീമോൻ ലക്ഷ്യസ്ഥാനമായ തലയോട്ടിടം എന്നർഥമുള്ള 'ഗൽഗോഥ' എന്ന സ്ഥലത്തെത്തി (മത്തായി 27:32,33). അവിടെ വെച്ച് കുരിശ് അയാളിൽനിന്ന് തിരിച്ചുവാങ്ങിയതായോ യേശുവിനെ ഏൽപിച്ചതായോ ബൈബിൾ പറയുന്നില്ല. യേശുവിനെ കുരിശിൽ തറച്ചതായാണ് പറയുന്നത്. കുരിശു വഹിച്ചു ചെല്ലുന്നവൻ കുറ്റവാളി എന്നാണ് വഴക്കം. വധിക്കപ്പെടാനുള്ളവൻ കുരിശു വഹിക്കുക എന്നല്ലാതെ പകരമൊരാൾ ആ ഭാരവും പീഡനവും സഹിക്കുക പതിവില്ല. അതനുസരിച്ച് വധിക്കപ്പെട്ട ആളും ഈ പകരക്കാരൻ തന്നെ ആവാനാണ് സാധ്യത. കുറ്റവാളി താനല്ലെന്നും തന്നെ കൊണ്ട് ബലമായി കുരിശുമരം വഹിപ്പിച്ചതാണെന്നും പറഞ്ഞ് രക്ഷപ്പെടാൻ എത്രതന്നെ അയാൾ ശ്രമിച്ചാലും പട്ടാളക്കാർ അതിനു ചെവി കൊടുക്കാനുള്ള സാധ്യതയും വിരളം.

അങ്ങനെ ബലപ്രയോഗം വഴി കീഴടക്കപ്പെട്ടതുകൊണ്ടാവാം കുരിശിൽ തറക്കപ്പെട്ടപ്പോൾ അയാൾ പറഞ്ഞത്: "ദൈവമേ! അവരോട് ക്ഷമിക്കേണമേ! അവർ ചെയ്യുന്നതെന്തെന്ന് അവർ അറിയുന്നില്ല" (ലൂക്കാ 23:34). (അതായത് ഞാനല്ല യേശു. അദ്ദേഹമാണെന്ന ധാരണയിലാണ് എന്നെ കുരിശിലേറ്റുന്നത്).

സത്യം വെളിപ്പെടുത്തുന്ന ഖുർആൻവാക്യം ഇവിടെ ഏറെ പ്രസക്തമാകുന്നു:

"അല്ലാഹുവിന്റെ ദൂതനായ, മർയമിന്റെ മകൻ മസീഹ് ഈസായെ ഞങ്ങൾ കൊന്നിരിക്കുന്നു എന്നവർ പറഞ്ഞതിനാലും (അവർ ശപിക്കപ്പെട്ടിരിക്കുന്നു). വാസ്തവത്തിൽ അദ്ദേഹത്തെ അവർ കൊലപ്പെടുത്തിയിട്ടില്ല, ക്രൂശിച്ചിട്ടുമില്ല. പക്ഷേ (യാഥാർഥ്യം) അവർക്ക് തിരിച്ചറിയാതെയാവുകയാണുണ്ടായത്. തീർച്ചയായും അദ്ദേഹത്തിന്റെ (ഈസായുടെ) കാര്യത്തിൽ ഭിന്നിച്ചവർ അതിനെപ്പറ്റി സംശയത്തിൽതന്നെയാകുന്നു. ഊഹാപോഹത്തെ പിന്തുടരുന്നതല്ലാതെ അവർക്ക് അക്കാര്യത്തെപ്പറ്റി യാതൊരു അറിവുമില്ല. ഉറപ്പായും അദ്ദേഹത്തെ അവർ കൊലപ്പെടുത്തിയിട്ടില്ല. എന്നാൽ അദ്ദേഹത്തെ അല്ലാഹു അവങ്കലേക്ക് ഉയർത്തുകയത്രെ ചെയ്തത്. അല്ലാഹു പ്രതാപിയും യുക്തിമാനുമാകുന്നു" (4:157,158).

യേശുവിന്റെ കുരിശുമരണത്തിന് താൻ ദൃക്സാക്ഷിയാണെന്ന് യോഹന്നാൻ പറയുന്നുണ്ടെങ്കിലും അദ്ദേഹത്തിനും അത് യേശു തന്നെ എന്ന തോന്നൽ മാത്രമാവാം ഉണ്ടായത്. പകരക്കാരനായി മറ്റൊരാൾ കുരിശിലേറുന്നതിനെപ്പറ്റി യോഹന്നാൻ ചിന്തിച്ചിരിക്കാനേ സാധ്യതയില്ല. മരണത്തിനു വിധിക്കപ്പെട്ട യേശു കുരിശുമായി നടന്നുനീങ്ങുന്നത് അദ്ദേഹവും കണ്ടിരിക്കും. എന്നാൽ അതിനു ശേഷം പട്ടാളക്കാർ കുരിശെടുത്ത് മറ്റൊരാളുടെ തോളിൽ വെച്ചുകൊടുത്തതും അതുമായി അയാളെ വധസ്ഥലത്തേക്ക് നടത്തിയതും തുടർന്ന് കുരിശിലേറ്റപ്പെട്ടതും ഈ പകരക്കാരൻ ആയിരിക്കാമെന്നും യോഹന്നാൻ ചിന്തിച്ചിരിക്കുകയില്ല.

ക്രൈസ്തവ സഭകളുടെ അംഗീകാരമില്ലാത്ത ബാർണബാസിന്റെ സുവിശേഷത്തിൽ കുരിശുമരണം മറ്റൊരു വിധത്തിലാണ് ചിത്രീകരിക്കപ്പെട്ടിരിക്കുന്നത്. യേശുവിനെ കുരിശുമരണത്തിൽനിന്ന് രക്ഷപ്പെടുത്തി ദൈവസന്നിധിയിലേക്ക് ഉയർത്തുക എന്ന അല്ലാഹുവിന്റെ സവിശേഷ പദ്ധതിയനുസരിച്ച് യേശുവിന് പകരം അദ്ദേഹത്തെ 30 സ്വർണക്കാശിന് (മുപ്പത് വെള്ളിക്കാശെന്ന് മത്തായി) പുരോഹിതന്മാർക്ക് ഒറ്റിക്കൊടുത്ത വഞ്ചകശിഷ്യൻ യൂദാസിന്റെ ശബ്ദവും രൂപവും അല്ലാഹു അത്ഭുതകരമായി യേശുവിന്റേതുമായി സാദൃശ്യം വരുത്തി അവനെ കുരിശുമരണത്തിന് വിധേയനാക്കി എന്നാണ് ബാർണബാസിന്റെ പ്രസ്താവന. ദൈവത്തിന് അസാധ്യമായി ഒന്നുമില്ലാത്തതിനാൽ അങ്ങനെയും സംഭവിച്ചിരിക്കാം. എങ്കിലും മത്തായിയുടെ സുവിശേഷത്തിൽ യൂദാസ് പശ്ചാത്തപിച്ച് നിരാശനായി തൂങ്ങിമരിച്ചു എന്നെഴുതിയിരിക്കുന്നതിനാൽ ആശയക്കുഴപ്പം പിന്നെയും അവശേഷിക്കുകയാണ്.

കുരിശിൽ മരിച്ച വ്യക്തിയുടെ മൃതദേഹം കല്ലറയിൽ അടക്കം ചെയ്തശേഷം ഉയിർത്തെഴുന്നേറ്റെന്നും അയാൾ നാൽപതു ദിവസത്തോളം ഭൂമിയിൽ ശരീരത്തോടെ ജീവിച്ചെന്നും പലർക്കും പ്രത്യക്ഷപ്പെട്ടെന്നുമാണ് ബൈബിൾ വിവരണം. എന്നാൽ അതിനിടയിൽ ഒരു പ്രാവശ്യമെങ്കിലും അമ്മയെ സന്ദർശിക്കുകയുണ്ടായില്ലെന്നതിൽ ദുരൂഹതയുണ്ട്.

ക്രൂശിതന്റെ മൃതദേഹം അടക്കം ചെയ്തതിനെപ്പറ്റിയും കല്ലറയിൽനിന്ന് ഉയിർത്തെഴുന്നേറ്റതിനെപ്പറ്റിയും പ്രതിപാദിക്കുന്ന ഭാഗത്ത് അവ്യക്തതകളും അപൂർണതകളും ഏറെയുണ്ട്. നാലു സുവിശേഷങ്ങളും തമ്മിൽ ധാരാളം വൈരുധ്യങ്ങളും അതിൽ കാണാൻ കഴിയും. വിസ്താരഭയത്താൽ അവ ഇവിടെ ചർച്ചാ വിധേയമാക്കുന്നില്ല.

മരണാസന്നനായി കുരിശിൽ കിടക്കുമ്പോൾ 'എന്റെ ദൈവമേ, എന്റെ ദൈവമേ എന്നെ കൈവിട്ടതെന്ത്' എന്ന് യേശു വിലപിച്ചതായി ബൈബിൾ പ്രസ്താവിക്കുന്നു (മത്തായി 27:46). എന്നാൽ ഇസ്ലാമിക വീക്ഷണത്തിൽ, മരിച്ചത് യേശു അല്ലെന്നുള്ളതിന്റെ ശക്തിയായ തെളിവാണ് 'ഏലി, ഏലി, ല്മാ സബക്ഥാനി' എന്ന യേശുവിന്റെ വിലാപം. കാരണം, ദൈവത്തിന്റെ പ്രവാചകനെ അല്ലാഹു കൈവിടുകയില്ലെന്നുള്ളതുതന്നെ. അവസാനം വരെയും അല്ലാഹുവിന്റെ പ്രവാചകനും ദൂതനും ആയിരുന്നു അദ്ദേഹം. അല്ലാഹു ഏൽപിച്ച സന്ദേശം-ഇഞ്ചീൽ- തന്റെ മുഴുവൻ കഴിവും ഉപയോഗിച്ച് അദ്ദേഹം അനുയായികളെ അറിയിച്ചതിനു തെളിവുണ്ട്. ദൈവത്തിന് പൂർണമായി വഴങ്ങി- മുസ്‌ലിമായി- ജീവിച്ച മനുഷ്യനും നബിയും ആയിരുന്നു അദ്ദേഹമെന്ന കാര്യത്തിൽ സംശയത്തിന് അവകാശമില്ല. അങ്ങനെ അല്ലാഹുവിനുവേണ്ടി ജീവിച്ച ഒരു മഹാവ്യക്തിയെ കുറ്റവാളിയാക്കി നിന്ദിതനും പീഡിതനുമായി മരിക്കാൻ അല്ലാഹു വിട്ടുകൊടുക്കുകയില്ലെന്ന് ഉറപ്പായും വിശ്വസിക്കാം.

ബൈബിൾ വിവരണമനുസരിച്ച് യേശുവിന്റെ മേൽ ആരോപിക്കപ്പെട്ട കുറ്റം ദൈവമെന്നും ദൈവപുത്രനെന്നും അവകാശപ്പെട്ടതത്രെ. 'നീ അങ്ങനെ അവകാശപ്പെട്ടുവോ' എന്ന് പീലാത്തോസിന്റെ കോടതിയിൽ ചോദിച്ചപ്പോൾ 'എന്ന് നിങ്ങൾ

പറയുന്നു' എന്നായിരുന്നു നിഷേധാർഥത്തിലും പരിഹാസസ്വരത്തിലുമുള്ള അതിഹ്രസ്വമായ അദ്ദേഹത്തിന്റെ മറുപടി (ലൂക്കാ 22:70; 23:3). അതായത് ഞാൻ അങ്ങനെ പറഞ്ഞതായോ പറയുന്നതായോ നിങ്ങൾ പറയുന്നു എന്നാണ്. ഒന്നു കൂടി വിശദീകരിച്ചാൽ അങ്ങനെ പറയുന്നത് ഞാനല്ല, നിങ്ങളാണ്. ദൈവമെന്നോ ദൈവപുത്രനെന്നോ ഞാൻ പറയില്ല.

അത് ശരിവെച്ചുകൊണ്ട് ഖുർആൻ പറയുന്നു: "അല്ലാഹു ഒരു മനുഷ്യന് വേദവും വിധിവിജ്ഞാനവും പ്രവാചകത്വവും നൽകുകയും എന്നിട്ട് അദ്ദേഹം ജനങ്ങളോട് നിങ്ങൾ അല്ലാഹുവെ വിട്ട് എന്റെ ദാസന്മാരായിരിക്കുവിൻ എന്നു പറയുകയും ചെയ്യുക എന്നത് ഉണ്ടാകാവുന്നതല്ല. എന്നാൽ നിങ്ങൾ വേദഗ്രന്ഥം പഠിപ്പിച്ചുകൊണ്ടിരുന്നതിലൂടെയും പഠിച്ചുകൊണ്ടിരിക്കുന്നതിലൂടെയും ദൈവത്തിന്റെ നിഷ്കളങ്ക ദാസന്മാരായിരിക്കണം (എന്നായിരിക്കും അദ്ദേഹം പറയുന്നത്).

മലക്കുകളെയും പ്രവാചകന്മാരെയും നിങ്ങൾ രക്ഷിതാക്കളായി സ്വീകരിക്കണമെന്ന് അദ്ദേഹം നിങ്ങളോട് കൽപിക്കുകയുമില്ല. നിങ്ങൾ മുസ്‌ലിംകളായിക്കഴിഞ്ഞതിനു ശേഷം അവിശ്വാസം സ്വീകരിക്കാൻ അദ്ദേഹം നിങ്ങളോട് കൽപിക്കുമെന്നാണോ (നിങ്ങൾ കരുതുന്നത്?)" (3:79,80).

യേശുവിനെ വിചാരണ ചെയ്ത റോമാ ഗവർണറായ പീലാത്തോസോ ഹേറോദേസ് രാജാവോ ശിക്ഷാർഹമായ യാതൊരു കുറ്റവും യേശുവിൽ കാണുകയുണ്ടായില്ല; യഹൂദ പുരോഹിതന്മാർ സംഘടിപ്പിച്ച ജനക്കൂട്ടം 'അവനെ ക്രൂശിക്കുക, അവനെ ക്രൂശിക്കുക' എന്ന് ആർത്തുവിളിച്ചപ്പോൾ പീലാത്തോസ് അവരോട് പറഞ്ഞു:

''ജനത്തെ വഴിപിഴപ്പിക്കുന്നു എന്നു പറഞ്ഞ് നിങ്ങൾ ഇവനെ എന്റെ മുമ്പിൽ കൊണ്ടുവന്നു. ഇതാ, നിങ്ങളുടെ മുമ്പിൽവെച്ചുതന്നെ ഇവനെ ഞാൻ വിസ്തരിച്ചു. നിങ്ങൾ ആരോപിക്കുന്ന കുറ്റങ്ങളിൽ ഒന്നുപോലും ഇവനിൽ ഞാൻ കണ്ടില്ല. ഹേറോദേസും കണ്ടില്ല. നോക്കൂ, മരണശിക്ഷ അർഹിക്കുന്ന ഒരു കുറ്റവും ഇവൻ ചെയ്തിട്ടില്ല." യേശുവിനെ വിട്ടയക്കണം എന്നാഗ്രഹിച്ചുകൊണ്ട് പീലാത്തോസ് അവരോട് സംസാരിച്ചു. അവരാകട്ടെ 'ക്രൂശിക്കുക, അവനെ ക്രൂശിക്കുക' എന്നു വിളിച്ചുപറഞ്ഞുകൊണ്ടിരുന്നു. അവസാനം അവരുടെ നിർബന്ധം തന്നെ വിജയിച്ചു. അവർ ആവശ്യപ്പെട്ടത് അനുവദിച്ചുകൊടുക്കാൻ പീലാത്തോസ് തീരുമാനിച്ചു; യേശുവിനെ അവരുടെ ഇംഗിതത്തിന് ഏൽപിച്ചുകൊടുത്തു (ലൂക്കാ 23:13–25).

കുരിശുമരണത്തിന് വിധേയനാകാതെ അല്ലാഹുവിന്റെ അടുക്കലേക്ക് ഉയർത്തപ്പെടുമെന്ന് യേശു അറിഞ്ഞിരുന്നുവോ? അറിഞ്ഞിരുന്നുവെന്നു വേണം അനുമാനിക്കാൻ. പ്രധാന പുരോഹിതന്റെ ചോദ്യങ്ങൾക്ക് മറുപടിയായി അദ്ദേഹം പറഞ്ഞു: "ഞാൻ നിന്നോട് പറയുന്നു; ഇപ്പോൾ മുതൽ മനുഷ്യപുത്രൻ ശക്തിയുടെ വലത്തുഭാഗത്ത് ഉപവിഷ്ടനായിരിക്കുന്നതും വാനമേഘങ്ങളിൽ വരുന്നതും നിങ്ങൾ കാണും" (മത്തായി 26:64).

സ്വർഗത്തിൽ പ്രവേശനം ലഭിക്കുന്ന ഭാഗ്യവാന്മാർ അല്ലാഹുവിന്റെ വലതു ഭാഗത്തായിരിക്കുമെന്നാണ് ഖുർആൻ പറയുന്നത്. യേശുവും അവിടെ ആയിരിക്കുന്ന കാഴ്ച നിങ്ങൾ കാണുമെന്നാണ് അതിലെ സൂചന. പക്ഷേ അദ്ദേഹത്തെ കുരിശിൽ തറച്ച് കൊല്ലാൻ ആഗ്രഹിച്ച യഹൂദ പുരോഹിതന്മാരുടെയും അദ്ദേഹത്തെ കൊലപ്പെടുത്തിയെന്ന് അവകാശപ്പെട്ട യഹൂദരുടെയും വാക്കുകളെ ആധാരമാക്കി കുരിശിനെ ആരാധിക്കുകയും കുരിശുമരണത്തെ പാപമോചനത്തിനുള്ള ബലികർമമാക്കി മാറ്റുകയും ചെയ്യുന്നവർക്ക് അല്ലാഹുവിന്റെ വലത്തു ഭാഗത്ത് യേശു ഉപവിഷ്ടനായിരിക്കുന്ന ദൃശ്യം സ്വീകാര്യമായിരിക്കുകയില്ല.

(തുടരും)